**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 955** 05-02-2020 ലെ മറുപടി

**മലപ്പുറം മണ്ഡലത്തിലെ ജലവിഭവ വികസന പ്രവർത്തനങ്ങൾ**

| ചോദ്യം<br>**ശ്രീ.പി.ഉബൈദുള്ള** | | മറുപടി<br>**ശ്രീ. കെ. കൃഷ്ണൻകുട്ടി**<br>(ജലവിഭവ വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | 2019-20 സാമ്പത്തിക വർഷം മലപ്പുറം മണ്ഡലത്തിൽ ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട വിവിധ വികസന പ്രവർത്തനങ്ങൾക്കായി അനുവദിച്ച പദ്ധതി വിഹിതം എത്രയെന്ന് വ്യക്തമാക്കാമോ; | (എ) | 2019-20 സാമ്പത്തിക വർഷത്തിൽ മലപ്പുറം മണ്ഡലത്തിൽ ജലസേചനവിഭാഗവുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവൃത്തികൾ സംബന്ധിച്ച വിശദവിവരം അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു.<br><br>2019-20 സാമ്പത്തിക വർഷത്തിൽ മലപ്പുറം മണ്ഡലത്തിൽ കേരള ജലഅതോറിറ്റിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ച് നടപ്പിലാക്കി വരുന്നുണ്ട്.<br><br>**സ്റ്റേറ്റ് പ്ലാൻ-**<br><br>എ) ചാമക്കയം പമ്പ് ഹൗസിൽ പാനൽ ബോർഡ് സ്ഥാപിക്കൽ - 2.42 ലക്ഷം<br>ബി) മണ്ണാർകുണ്ട് പമ്പ് ഹൗസിൽ പാനൽ ബോർഡ് സ്ഥാപിക്കൽ- 2.43 ലക്ഷം<br>സി) നാമ്പ്രാണി പമ്പ് ഹൗസിൽ പാനൽ ബോർഡ് സ്ഥാപിക്കൽ - 2.02 ലക്ഷം<br>ഡി) മേൽമുറി പമ്പ് ഹൗസിൽ പാനൽ ബോർഡ് സ്ഥാപിക്കൽ - 2.28 ലക്ഷം<br>ഇ) ആനക്കയം പഞ്ചായത്തിലെ ഇരുമ്പുഴി കോണിക്കല്ല് റോഡ് പുനരുദ്ധാരണം - 102.00 ലക്ഷം<br>2019-20 സാമ്പത്തികവർഷം മലപ്പുറം മണ്ഡലത്തിൽ ഭൂജലവകുപ്പിന്റെ ഭൂജലാധിഷ്ഠിത കുടിവെള്ള പദ്ധതിയിലുൾപ്പെടുത്തി 4 കുഴൽക്കിണർ, 2 കുടിവെള്ള പദ്ധതി എന്നിവയ്ക്കായി 14,63,300/- രൂപ |

| | | | |
|---|---|---|---|
| | | | അനുവദിച്ചിട്ടുണ്ട്. 6 പദ്ധതികളും സംസ്ഥാന പദ്ധതികളാണ്. വിശദവിവരങ്ങൾ അനുബന്ധം (2) ആയി ചേർത്തിരിക്കുന്നു.<br><br>2019 -20 സാമ്പത്തിക വർഷം ജലനിധി പദ്ധതിക്കായി 116.89 കോടി രൂപയും ജലനിധി സുസ്ഥിരത പരിപാടിക്കായി 55 കോടിയും, മഴവെള്ള സംഭരണ ഭൂജല പരിപോഷണം പദ്ധതിയിലേക്കായി 20.31 കോടി രൂപയും അനുവദിച്ചിട്ടുണ്ട് . മേൽപറഞ്ഞ പദ്ധതികളിൽ സംസ്ഥാനാടിസ്ഥാനത്തിലാണ് ഫണ്ടനുവദിക്കുന്നത്.<br><br>കിഫ്ബി മുഖാന്തിരം മലപ്പുറം മണ്ഡലത്തിൽ KIIDC ക്ക് ബഡ്ജറ്റ് മുഖാന്തിരം മലപ്പുറവും മഞ്ചേരി മണ്ഡലത്തിലും ഉൾപ്പെടുന്ന പുഴങ്കാവിൽ ആർ.സി.ബി നിർമ്മാണത്തിനായി 12.065 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി ആരംഭിച്ചു |
| (ബി) | ഇതിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ, സംസ്ഥാന പദ്ധതികൾ, മറ്റുള്ളവ എന്നിങ്ങനെ തരം തിരിച്ച് വ്യക്തമാക്കുമോ; | | സംസ്ഥാന വിഹിതത്തിലാണ് എല്ലാ പ്രവർത്തികൾക്കും ഭരണാനുമതി ലഭിച്ചത്. |
| (സി) | ഇവയുടെ വിനിയോഗം സംബന്ധിച്ച പുരോഗതിയുടെ കണക്കുകൾ വിശദമാക്കുമോ? | | ജലനിധി സുസ്ഥിരതാ പരിപാടിയിൽ ഉൾപ്പെടുത്തി മൊറയൂർ, പൂക്കോട്ടൂർ, പുൽപ്പറ്റ എന്നീ ഗ്രാമപഞ്ചായത്തുകളിൽ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ജലനിധി സുസ്ഥിരതാ പരിപാടിയുമായി ബന്ധപ്പെട്ട് 2019—20 സാമ്പത്തികവർഷം താഴെ പറയും പ്രകാരം പ്രസ് തുത പഞ്ചായത്തുകൾക്ക് തുക അനുവദിച്ചിട്ടുണ്ട് .<br><br>1. മൊറയൂർ - 8,03,575/-<br>2. പൂക്കോട്ടൂർ - 9,42,573/-<br>3. പുൽപ്പറ്റ - 4,93,350/- |

| | | | |
|---|---|---|---|
| | | | കേരള ജലഅതോറിറ്റിയിൽ പ്രവൃത്തികൾ നടന്നു വരുന്നു. ബില്ല് സമർപ്പിച്ച് ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ പുരോഗതിയുടെ കണക്കുകൾ<br>വ്യക്തമാകുകയുള്ളു. ജലസേചനവിഭാഗത്തിന്റെ പദ്ധതികളുടെ പുരോഗതി അനുബന്ധം (1)ൽ ചേർത്തിട്ടുണ്ട് |

Prijith.v

**സെക്ഷൻ ഓഫീസർ**

| സംസ്ഥാന പദ്ധതികൾ - എസ്.ഡി.ആർ.എഫ് | | | |
|---|---|---|---|
| ക്രമ നം | പ്രവൃത്തിയുടെ പേര് | അനുവദിച്ച തുക(ലക്ഷത്തിൽ) | പുരോഗതി |
| 1 | എസ്.ഡി.ആർ.എഫ്- ആനക്കയം പഞ്ചായത്തിലെ 2-ാംം വാർഡിൽ കോട്ടൂതൊടി തോടിന്റെ പാർശ്വ സംരക്ഷണ പ്രവൃത്തികൾ | 2.17 | പ്രവൃത്തി 90% പൂർത്തിയായി |
| 2 | എസ്.ഡി.ആർ.എഫ്- ആനക്കയം പഞ്ചായത്തിലെ 3-ാംം വാർഡിൽ നിരോട്ടുപാറ വി.സി.ബി.യുടെ അറ്റകുറ്റ പ്രവൃത്തികൾ | 3.30 | സൈറ്റ് കൈമാറി |
| 3 | എസ്.ഡി.ആർ.എഫ്- ആനക്കയം പഞ്ചായത്തിലെ 3-ാംം വാർഡിൽ മുട്ടിപ്പാലത്ത് വി.ടി .പടി ചിറയുടെ അറ്റകുറ്റ പ്രവൃത്തികൾ | 4.48 | സൈറ്റ് കൈമാറി |
| 4 | എസ്.ഡി.ആർ.എഫ്- ആനക്കയം പഞ്ചായത്തിലെ 3-ാംം വാർഡിൽ ചട്ടി ചിറ വി.സി.ബി .യുടെ അറ്റകുറ്റ പ്രവൃത്തികൾ | 4.547 | സൈറ്റ് കൈമാറി |

| | | | |
|---|---|---|---|
| 5 | എസ്.ഡി.ആർ.എഫ്- ആനക്കയം പഞ്ചായത്തിലെ 17-ാം വാർഡിൽ കാരക്കോട് വി.സി.ബി .യുടെ അറ്റകുറ്റ പ്രവൃത്തികൾ | 10.02 | പ്രവൃത്തി ടെണ്ടർ ചെയ്തു |
| 6 | എസ്.ഡി.ആർ.എഫ്- ആനക്കയം പഞ്ചായത്തിലെ 21-ാം വാർഡിൽ വടക്കുമുറി - ചോലപ്പുറം വി.സി.ബി .യുടെ അറ്റകുറ്റ പ്രവൃത്തികൾ | 5.335 | പ്രവൃത്തി ടെണ്ടർ ചെയ്തു |
| 7 | എസ്.ഡി.ആർ.എഫ്- പൂക്കോട്ടൂർ പഞ്ചായത്തിലെ പരപ്പൻ വി.സി.ബി .യുടെ അറ്റകുറ്റ പ്രവൃത്തികൾ | 5.22 | പ്രവൃത്തി ടെണ്ടർ ചെയ്തു |
| 8 | എസ്.ഡി.ആർ.എഫ്- പൂക്കോട്ടൂർ പഞ്ചായത്തിലെ മനക്കൽകുണ്ട് വി.സി.ബി .യുടെ അറ്റകുറ്റ പ്രവൃത്തികൾ | 5.376 | പ്രവൃത്തി ടെണ്ടർ ചെയ്തു |
| 9 | എസ്.ഡി.ആർ.എഫ്- പൂക്കോട്ടൂർ പഞ്ചായത്തിലെ പാറക്കൽ വി.സി.ബി .യുടെ അറ്റകുറ്റ പ്രവൃത്തികൾ | 1.05 | പ്രവൃത്തി ടെണ്ടർ ചെയ്തു |
| 10 | എസ്.ഡി.ആർ.എഫ്- കോഡൂർ പഞ്ചായത്തിലെ വെളുത്തേപാടം തോടിനു കുറുകെയുള്ള വരമ്പനാൽ ചിറയുടെ അറ്റകുറ്റ പ്രവൃത്തികൾ | 2.6 | സെലക്ഷൻ നോട്ടീസ് നൽകി |
| 11 | എസ്.ഡി.ആർ.എഫ്- കോഡൂർ പഞ്ചായത്തിലെ മന്തിക്കൽ ചിറയുടെ അറ്റകുറ്റ പ്രവൃത്തികൾ | 3.41333 | സൈറ്റ് കൈമാറി |
| 12 | എസ്.ഡി.ആർ.എഫ്- കോഡൂർ പഞ്ചായത്തിലെ വരിക്കോട് എന്ന സ്ഥലത്ത് അറപ്പാക്കൽ ചിറയുടെ അറ്റകുറ്റ പ്രവൃത്തികൾ | 2.248 | സൈറ്റ് കൈമാറി |
| 13 | എസ്.ഡി.ആർ.എഫ്- മൊറയൂർ പഞ്ചായത്തിലെ 11-ാം വാർഡിൽ അരിമ്പ്ര എന്ന സ്ഥലത്ത് ചെറുകാവ് മഞ്ചേരിത്തൊടി വി.സി.ബിയുടെ അറ്റകുറ്റ പ്രവൃത്തികൾ | 3.488 | സൈറ്റ് കൈമാറി |
| 14 | എസ്.ഡി.ആർ.എഫ്- മൊറയൂർ പഞ്ചായത്തിലെ 8-ാം വാർഡിൽ പൂക്കുളം വി.സി.ബിയുടെ അറ്റകുറ്റ പ്രവൃത്തികൾ | 3.65 | സൈറ്റ് കൈമാറി |
| 15 | എസ്.ഡി.ആർ.എഫ്- മൊറയൂർ പഞ്ചായത്തിലെ 11-ാം വാർഡിൽ എച്ചിതോട് വി.സി.ബിയുടെ അറ്റകുറ്റ പ്രവൃത്തികൾ | 2.685 | സൈറ്റ് കൈമാറി |
| 16 | എസ്.ഡി.ആർ.എഫ്- മൊറയൂർ ഗ്രാമപഞ്ചായത്തിലെ 9-ാം വാർഡിൽ റഹ്മത്ത് നഗർ വി.സി.ബി.യുടെ അറ്റകുറ്റപ്പണികൾ | 4.00 | സൈറ്റ് കൈമാറി |
| 17 | എസ്.ഡി.ആർ.എഫ്- മൊറയൂർ ഗ്രാമപഞ്ചായത്തിലെ 10-ാം വാർഡിൽ മണ്ണാർതൊടി വി.സി.ബി.യുടെ അറ്റകുറ്റപ്പ[illegible] | 3.36 | സൈറ്റ് കൈമാറി |

Scanned by CamScanner

| | | | |
|---|---|---|---|
| 18 | എസ്.ഡി.ആർ.എഫ്- പുൽപ്പറ്റ ഗ്രാമപഞ്ചായത്തിലെ കടുങ്ങല്ലൂർ വലിയതോടിന് കുറുകെ പൂത്തൻചിറ വി.സി.ബി.യുടെ അറ്റകുറ്റപ്പണികൾ | 2.90 | ഉടമ്പടി വെച്ചു. |
| 19 | എസ്.ഡി.ആർ.എഫ്- പുൽപ്പറ്റ ഗ്രാമപഞ്ചായത്തിലെ വില്ലേജ് പടി കല്ലൂരായി കനയൻ തോടിന്റെ പാർശ്വഭിത്തി സംരക്ഷണം | 2.75 | പണി പൂർത്തീകരിച്ചു. |
| 20 | മലപ്പുറം മുനിസിപ്പാലിറ്റിയിലെ വലിയങ്ങാടിയിലെ താഴമ്പാടം വി.സി.ബി .റിപ്പയർ പ്രവൃത്തികൾ | 4.65 | ഉടമ്പടി വെച്ചു. |
| 21 | മലപ്പുറം മുനിസിപ്പാലിറ്റിയിലെ മച്ചിങ്ങലിൽ കോലോത്തുംചിറ റിപ്പയർ പ്രവൃത്തികൾ | 4.00 | പ്രവൃത്തി ടെണ്ടർ ചെയ്തു. |
| 22 | കോഡൂർ പഞ്ചായത്തിലെ വെസ്റ്റ് കോഡൂരിലെ പനച്ചിറയുടെ റിപ്പയർ പ്രവൃത്തികൾ | 2.325 | പ്രവൃത്തി പഞ്ചായത്ത് വഴിനടപ്പിലാക്കിയതിനാൽ ആവശ്യമില്ല. |
| 23 | എസ്.ഡി.ആർ.എഫ്- മലപ്പുറം മുനിസിപ്പാലിറ്റിയിൽ വാർഡ് 20 ഹൗസ് നം. 20/262 D, 20/262 A & 20/262F ചെമ്മങ്കടവ് തെക്കെ തലയിൽ കടലുണ്ടിപ്പുഴയുടെ വലതു കര സംരക്ഷണം | 19.10 | പ്രവൃത്തി തുടങ്ങി |
| 24 | എസ്.ഡി.ആർ.എഫ്- മലപ്പുറം മുനിസിപ്പാലിറ്റിയിൽ വാർഡ് 13 ഹൗസ് നം. 13/32 എ കൂട്ടമണ്ണയിൽ കടലുണ്ടിപ്പുഴയുടെ വലതുകര സംരക്ഷണം | 16.90 | പ്രവൃത്തി എഗ്രിമെന്റ് വെച്ചു. |
| 25 | എസ്.ഡി.ആർ.എഫ്- മലപ്പുറം മുനിസിപ്പാലിറ്റിയിൽ വാർഡ് നം. 14 താമരക്കുഴിയിൽ കടലുണ്ടിപ്പുഴയുടെ വലതുകര സംരക്ഷണം | 18.30 | പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭിച്ചു. പ്രവൃത്തി സ്ഥലം കൈമാറി. |
| 26 | എസ്.ഡി.ആർ.എഫ്- മലപ്പുറം ജില്ലയിൽ കോഡൂർ പഞ്ചായത്തിൽ ആനക്കടവ് - ഉമ്മത്തൂർ പാലത്തിന് താഴ്ഭാഗത്ത് ആനക്കായ് – കിഴക്കെ തൊടി റോഡിന് സമീപം കടലുണ്ടിപുഴയുടെ ഇടത് കര സംരക്ഷണം | 18.00 | പ്രവൃത്തി സ്ഥലം കൈമാറി. |

**സംസ്ഥാന പദ്ധതികൾ - എഫ്.സി/എഫ്.ഡി നോൺ പ്ലാൻ**

| ക്രമ നം | പ്രവൃത്തിയുടെ പേര് 2019 - 20 | അനുവദിച്ച തുക(ലക്ഷത്തിൽ) | പുരോഗതി |
|---|---|---|---|
| 1 | NATURAL CALAMITY 2019-20 -മലപ്പുറം ജില്ലയിൽ മലപ്പുറം മുനിസിപ്പാലിറ്റിയിൽ വാർഡ് നം.34 റീ സർവ്വേ നം.140/1-ൽ കോൽമണ്ണയിൽ കടലുണ്ടി പുഴയുടെ വലതു കര സംരക്ഷണം | 41.00 | ഭരണാനുമതി നൽകി. |
| 2 | NATURAL CALAMITY 2019-20 -മലപ്പുറം ജില്ലിയിൽ കോഡൂർ പഞ്ചായത്തിൽ വാർഡ് 5-ൽ റീ.സർവ്വെ നം. 37/3 ൽ മങ്കരത്തൊടി ക്കടവിൽ കടലുണ്ടിപ്പുഴയുടെ ഇടതുകര സംരക്ഷണം | 25.00 | ടെൻഡർ ചെയ്തു |

**മറ്റു പദ്ധതികൾ**

| ക്രമ നം | പ്രവൃത്തിയുടെ പേര് | അനുവദിച്ച തുക(ലക്ഷത്തിൽ) | പുരോഗതി |
|---|---|---|---|
| 1 | RMF-കോഡൂർ പഞ്ചായത്തിൽ | 55.00 | പ്രവൃത്തി തുടങ്ങി |

Scanned by CamScanner

| | | | |
|---|---|---|---|
| | നൂറാടിപാലത്തിന് താഴ്ഭാഗത്ത് ചോലശ്ശേരി കടവിൽ കടലുണ്ടിപ്പുഴയുടെ ഇടതുകര സംരക്ഷണം | | |
| 2 | RMF- മലപ്പുറം ജില്ലയിൽ മലപ്പുറം മുനിസിപ്പാലിറ്റിയിൽ വാർഡ് 13, 14 ശാന്തി നഗറിൽ കടലുണ്ടിപ്പുഴയുടെ വലതുകര സംരക്ഷണം | 51.59 | പ്രവൃത്തി തുടങ്ങി |
| 3. | RMF-മലപ്പുറം മുനിസിപ്പാലിറ്റിയിൽ 13-ാം വാർഡിൽ കാളമ്പാടിയിൽകടലുണ്ടിപ്പുഴയുടെ വലതുകരസംരക്ഷണം | 46.40 | പ്രവൃത്തി എഗ്രിമെന്റ് വെച്ചു |

Prijith

സെക്ഷൻ ഓഫീസർ

അനുബന്ധം - 2

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | സ്കീം | പഞ്ചായത്ത് | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | പൊലിയേടത്ത് പറമ്പ | കുഴൽക്കിണർ നിർമ്മാണം | പുൽപറ്റ | 41,730 | ആദ്യത്തെ സൈറ്റ് ജനങ്ങളുടെ എതിർപ്പ് കാരണം പുതിയ സ്ഥലത്ത് റീ സർവ്വേ കഴിഞ്ഞു. |
| 2 | പാലശ്ശേരി പ്രദേശം | കുഴൽക്കിണർ നിർമ്മാണം | പുൽപറ്റ | 43,020 | പ്രവൃത്തി പൂർത്തീകരിച്ചു |
| 3 | ആനപ്പാറ കളത്തിങ്ങൽമുക്ക പ്രദേശം | കുഴൽക്കിണർ നിർമ്മാണം | പൂക്കോട്ടൂർ | 49,900 | പ്രവൃത്തി പൂർത്തീകരിച്ചു |
| 4 | തവളപാറ | മൈക്രോ വാട്ടർ സപ്ലൈ സ്കീം | മൊറയൂർ | 4,83,000 | പ്രവൃത്തി പൂർത്തീകരിച്ചു |
| 5 | ആശാരിപുരക്കൽ കോളനി | കുഴൽക്കിണർ നിർമ്മാണം | പൂക്കോട്ടൂർ | 35,650 | പ്രവൃത്തി പൂർത്തീകരിച്ചു |
| 6 | ആനപ്പാറ പള്ളിമുക്ക (കുറുക്കൻകുന്ന്) | മൈക്രോ വാട്ടർ സപ്ലൈ സ്കീം | പൂക്കോട്ടൂർ | 8,10,000 | ടെൻഡർ ചെയ്തു ആരും പങ്കെടുത്തില്ല. റീ ടെൻഡർ ചെയ്തു. |

Prijith
സെക്ഷൻ ഓഫീസർ